# കേരള സർവകലാശാല

നം.പി.ആർ.54/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2020 മാർച്ച് 30 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഡ് (2018 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി, 2015 സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 മാർച്ച് 17 മുതൽ ആരംഭിക്കുന്ന ബി.എ/ബി.എ അഫ്സൽ -ഉൽ-ഉലമ ബിരുദം (റെഗുലർ/സപ്ലിമെന്ററി) പാർട്ട് മൂന്ന് മെയിൻ ആന്റ് സബ്സിഡിയറി വിഷയങ്ങളുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 മാർച്ചിൽ ആരംഭിക്കുന്ന പാർട്ട് മൂന്ന് ബി.കോം ആന്വൽ സ്കീം (പ്രൈവറ്റ് ആന്റ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷാസമയം ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.ടെക് ഡിഗ്രി ഡിസംബർ 2019 (2013 സ്കീം) പ്രാക്ടിക്കൽ പരീക്ഷകൾ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളുടെ 13C007 മൈക്രോ കൺട്രോളർ ലാബ് പരീക്ഷ 2020 മാർച്ച് 12 ന് യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്ത് വെച്ച് നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 മാർച്ചിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.പി.എ വോക്കൽ പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 12 മുതൽ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാകേന്ദ്രം

2020 മാർച്ച് 16 ന് ആരംഭിക്കുന്ന അവസാന വർഷ ബി.ബി.എ (ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ) റെഗുലർ, സപ്ലിമെന്ററി പരീക്ഷകൾക്ക് തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ വിദൂരവിദ്യാഭ്യാസകേന്ദ്രം (എസ്.ഡി.ഇ) കാര്യവട്ടത്തും കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.എൻ.കോളേജ് കൊല്ലത്തും ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.എൻ കോളേജ് ചേർത്തലയിലും പരീക്ഷ എഴുതേണ്ടതാണ്. ഹാൾടിക്കറ്റ് അതതു പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

## പരീക്ഷാഫീസ്

രണ്ടാം സെമസ്റ്റർ എം.ബി.എ (എസ്.ഡി.ഇ – 2018 അഡ്മിഷൻ) ഏപ്രിൽ 2020 പരീക്ഷയ്ക്ക് പിഴ കൂടാതെ മാർച്ച് 18 വരെയും 150 രൂപ പിഴയോടെ മാർച്ച് 22 വരെയും 400 രൂപ പിഴയോടെ മാർച്ച് 24 വരെയും അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ മാർച്ച് 10 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ഏപ്രിൽ 24 ന് ആരംഭിക്കുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ. എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 18 വരെയും 150 രൂപ പിഴയോടെ മാർച്ച് 21 വരെയും 400 രൂപ പിഴയോടെ മാർച്ച് 23 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ലൈബ്രറി അവധി

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് മാർച്ച് 8 (ഞായറാഴ്ച) സർവകലാശാല ലൈബ്രറി പ്രവർത്തിക്കുന്നതല്ല.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
07.03.2020